Nidas

NISH Online Interactive Disability Awareness Seminar- 36

Vocational Paper (VOC)

**കുട്ടികളുടെ വൈകിയുള്ള ബൗദ്ധിക ശാരീരിക വളർച്ച: എന്തു ചെയ്യണം?** **19 ജനുവരി 2019**

**എന്താണ് ഗ്ലോബൽ ഡെവലപ്മെന്റൽ ഡിലേ ?**

സാധാരണയായി ഒരു കുഞ്ഞ് ജനിച്ച് കഴിഞ്ഞാൽ വളർച്ചയുടെ ഓരോ നാഴികക്കല്ലുകൾ (ഉദാ: കമിഴ്ന്നു കിടക്കുക, മുട്ടു കുത്തുക, ഇരിക്കുക മുതലായവ) പൂർത്തിയാക്കുന്നത് കൃത്യമായ കാലയളവിലായിരിക്കും.എന്നാൽ ചിലരിൽ ഇവയ്ക്ക് ചെറിയ വ്യത്യാസങ്ങൾ ഉണ്ടാകാറുണ്ട്. വ്യക്തിപരമായ ചെറിയ വ്യത്യാസങ്ങളുണ്ടാകാമെങ്കിലും പൊതുവെ കുഞ്ഞുങ്ങളുടെ വളർച്ചാ നാഴികക്കല്ലുകൾ നിശ്ചിതരീതിയിലും ക്രമത്തിലുമാണ് സംഭവിക്കുന്നത്.

ഒരു കുഞ്ഞിന് വളർച്ചാഘട്ടത്തിൽ മാറ്റം വരികയും, തുടർന്ന് ചലനവികാസം, ബുദ്ധിപരമായ വളർച്ച, സാമൂഹിക വൈകാരിക വളർച്ച, സംസാര–ഭാഷാ വികസനം എന്നിവയിൽ കാലതാമസമുണ്ടാകുകയും ചെയ്യുന്നുവെങ്കിൽ അതിനെ വൈകിയുള്ള ബൗദ്ധിക ശാരീരിക വളർച്ച അഥവാ ഗ്ലോബൽ ഡെവലപ്മെന്റൽ ഡിലേ (ജി.ഡി.ഡി) എന്നു പറയുന്നു.

ഗർഭകാലത്തോ, പ്രസവസമയത്തോ, പ്രസവാനന്തരമോ ഉണ്ടാകുന്ന കാരണങ്ങളാണ് പിന്നീട് ജി.ഡി.ഡിയിലേക്ക് നയിക്കുന്നത്. സാധാരണ വളർച്ചയുള്ള കുഞ്ഞുങ്ങളെക്കാൾ സാവധാനത്തിലായിരിക്കും ജി.ഡി.ഡി ഉള്ള കുഞ്ഞുങ്ങൾ കാര്യങ്ങൾ മനസ്സിലാക്കുന്നതും പഠിക്കുന്നതും. അതിനാൽ അവർക്ക് കൂടുതൽ സമയവും അവസരവും പരിശീലനവും ആവശ്യമായി വരുന്നു.

ജി.ഡി.ഡി.ക്കു ഒരു പ്രത്യേക ചികിത്സാവിധിയില്ല. മറിച്ച്, വിവിധ മേഖലകളിലെ വിദഗ്ദ്ധരുടെ കൂട്ടായ പ്രവർത്തനമാണ് പുനരധിവാസം സാധ്യമാക്കുന്നത്.

- ഡോക്ടർ: ആരോഗ്യനില വിലയിരുത്തി ആവശ്യമായ വൈദ്യോപദേശം നൽകുന്നു
- ആഡിയോളജിസ്റ്റ്: കേൾവി സംബന്ധമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നു
- ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ്: ഇന്ദ്രിയ സംബന്ധമായ പ്രവർത്തനങ്ങൾ
- ഫിസിയോ തെറാപ്പിസ്റ്റ്: ചലന സംബന്ധമായ പ്രവർത്തനങ്ങളെ വിലയിരുത്തി പരിപാലിക്കുന്നു
- സൈക്കോളജിസ്റ്റ്: അവബോധ– പെരുമാറ്റ വികാസം
- സ്പീച്ച് ലാംഗ്വേജ് പതോളജിസ്റ്റ്: ആശയവിനിമയ ശേഷികളെയും ആഹാരം കഴിക്കാനുള്ള ശേഷികളെയും നിർണ്ണയിച്ച് പരിപാലിക്കുന്നു

**സാധാരണയായി കാണപ്പെടുന്ന പ്രധാന പ്രശ്നങ്ങൾ**

**ആശയവിനിമയം**

ചിഹ്നങ്ങൾ, ആംഗ്യങ്ങൾ, പെരുമാറ്റം മുതലായവ ഉപയോഗിച്ച് വ്യക്തികൾ തമ്മിൽ ആശയം കൈമാറുന്ന തിനെയാണ് ആശയവിനിമയം എന്നു പറയുന്നത്. ഇത് വാക്കുപയോഗിച്ചും അല്ലാതെയുമാകാം. മനുഷ്യർക്കിടയിലെ മികച്ച ആശയവിനിമയരീതി നടക്കുന്നത് വാക്കുകളിലൂടെയാണ്. ഭാഷയുടെയും (സംസാരിക്കുന്നയാളുടെ ചിന്ത) സംസാരത്തിന്റെയും (വാചികഘടനയുടെയും ശബ്ദത്തിന്റെയും സഹായത്തോടെ പുറപ്പെടുവിക്കുന്ന വാക്കുകളും വാക്യങ്ങളും) സഹായത്തോടെയാണ് ഇത്തരം ആശയവിനിമയരീതി സാധ്യമാകുന്നത്. ഇതു കൂടാതെയുള്ള വിരൽ ചൂണ്ടുക, ആംഗ്യം കാണിക്കുക, ചിത്രങ്ങൾ കൈമാറുക മുതലായവ വാക്കുകളില്ലാതെയുള്ള ആശയവിനിമയ രീതിയായി കണക്കാക്കപ്പെടുന്നു.

കുഞ്ഞിന്റെ നിലവിലുള്ള ആശയവിനിമയശേഷിയെ വിലയിരുത്തി മറ്റു സഹായക ഉപകരണമോ രീതികളോ ആവശ്യമാണോ എന്ന് ഒരു സ്പീച്ച് ലാംഗ്വേജ് പതോളജിസ്റ്റ് പരിശോധിക്കുന്നു. അത്തരം സഹായം ആവശ്യമാണെങ്കിൽ ആൾട്ടർനേറ്റിവ് & ആഗ്മെന്റേറ്റീവ് കമ്മ്യൂണിക്കേഷൻ (എ.എ.സി.) രീതികൾ സ്വീകരിക്കുന്നു. നിലവിലുള്ള ആശയവിനിമയത്തെ സഹായിക്കുവാനായി സ്വീകരിക്കുന്ന മറ്റു സഹായക രീതികളെ ഒന്നായി പറയുന്ന പേരാണ് എ.എ.സി.

**ഭക്ഷണരീതി:**

ജി.ഡി.ഡി. ഉള്ള കുഞ്ഞിന് ആഹാരം കഴിക്കുന്നത് ഒരു പ്രധാന പ്രശ്നമായേക്കാം. വായുടെ ചലനശേഷിയെയും (സംസാരം–ആഹാരം കഴിക്കുക തുടങ്ങിയ പ്രവർത്തികളിൽ വാചികാവയവങ്ങളുടെ ഘടനയും പ്രവർത്തനവും) വായുടെ സംവേദനശേഷികളെയും (വാചികാവയവങ്ങളുടെ അധിക സംവേദനക്ഷമത, കുറഞ്ഞ സംവേദനക്ഷമത, മിശ്രിത സംവേദനക്ഷമത) ആശ്രയിച്ചാണ് ആഹാരരീതി സംബന്ധിച്ച പ്രശ്നങ്ങളുണ്ടാകുന്നത്. ഇത് കുഞ്ഞിന്റെ ആഹാരശീലത്തെയും ബാധിക്കുന്നു. ആയതിനാൽ ഒരു സ്പീച്ച് ലാംഗ്വേജ് പതോളജിസ്റ്റിന്റെ സഹായത്തോടെ ിത് വിലയിരുത്തി ആവശ്യമായ ഇടപെടൽ നടത്തേണ്ടതാണ്.

വളർച്ചയിലുണ്ടാകാവുന്ന ഏതു തരത്തിലുള്ള കാലതാമസവും എത്രയും നേരത്തെ കണ്ടു പിടിക്കേണ്ടതാണ്. നേരത്തെ തിരിച്ചറിയുന്നത് വളർച്ചയിലുണ്ടാകുന്ന പ്രശ്നങ്ങൾ തടയാനും അതു വഴി ഉയർന്ന ജീവിതനിലവാരം പുലർത്താനും സഹായിക്കുന്നു.